പതിനാലാം കേരള നിയമ സഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T.2600 18.08.2017- ൽ മറുപടിക്ക്

**ദേശീയപാത വികസനം**

**ചോദ്യം** **ഉത്തരം**

ശ്രീ. കെ. ദാസൻ.

ശ്രീ. ജി. സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ | (എ) & (ബി) | ദേശീയപാത 66 വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ സർവ്വേ നടപടികൾ റവന്യൂ വകുപ്പ് മുഖാന്തിരം നടന്നു വരുന്നു. ദേശീയ പാത 766 ൽ കി. മി. മുതൽ 5/000 മുതൽ 40/000 വരെയും കി. മി. 40/000 മുതൽ 117/000 വരെയും ഷോൾഡർ ഉൾപ്പെടെ 2 വരി പാതയായി ഉയർത്തുന്നതിന് പഠനം നടത്തുന്നതിനു വേണ്ടിയുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.<br>പ്രസ്തുത സർവ്വേ നടപടികൾ സ്പെഷ്യൽ തഹസിൽദാർ എൽ. എ. (എൻ. എച്ച്) കോഴിക്കോടിന്റെ പരിധിയിലാണ്.<br>കോഴിക്കോട് ദേശീയപാത ബൈപ്പാസ് 66 ലെ 28.124 കി. മി. നവീകരണത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ വിശദമായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കി പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. ദേശീയപാത 66 ൽ കോഴിക്കോട് ജില്ലയിലെ മറ്റു ഭാഗങ്ങളിലെ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനു വേണ്ടി 20.06.2017 ൽ 3 (എ) നോട്ടിഫിക്കേഷന്റെ കാലാവധി കഴിഞ്ഞതിനാൽ എൽ. എ. (എൻ. എച്ച്) ന്റെ സ്പെഷ്യൽ ഡെപ്യൂട്ടി കലക്ടർ, 3 (എ) നോട്ടിഫിക്കേഷന്റെ പുതുക്കിയ ഡ്രാഫ്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനു വേണ്ടി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ സർവ്വേ നടപടി ഏത് ഘട്ടത്തിലാണെന്നും ഏതെല്ലാം പ്രദേശങ്ങളിൽ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ? | | |

S. Bindu

സെക്ഷൻ ഓഫീസർ